

► സിപിസിആർഐ കാർഷിക പ്രദർശനം മന്ത്രി ഇ ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യുന്നു.

06/01/2018 Deshabhimani

# സിപിസിആർഐ കാർഷിക പ്രദർശനം തുടങ്ങി

കാസർകോട് > കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം സ്ഥാപക ദിനത്തിന്റെയും കാസർകോട് കൃഷി വിജ്ഞാന കേന്ദ്രം രജത ജൂബിലിയുടെയും ഭാഗമായി ചൗക്കി സിപിസിആർഐ കാമ്പസിൽ നടക്കുന്ന കാർഷിക മേളയിലെ കാർഷിക- വ്യാവസായിക പ്രദർശനം തുടങ്ങി. മന്ത്രി ഇ ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്തു.

മുഖ്യ ഉപജീവന മാർഗമായിട്ടും കാർഷിക മേഖലയ്ക്കും കൃഷിക്കാർക്കും അർഹിക്കുന്ന പരിഗണന ലഭിക്കുന്നില്ലെന്ന ആക്ഷേപം വ്യാപകമാണെന്ന് മന്ത്രി പറഞ്ഞു. വ്യാവസായിക മേഖലയ്ക്ക് കിട്ടുന്ന പ്രോത്സാഹനവും സഹായവും കാർഷിക രംഗത്തിന് ലഭിക്കുന്നില്ലെന്നത് ചർച്ചയായിട്ടുണ്ട്. കർഷകരുടെ ചെറിയ വായ്പകൾ തിരിച്ചുപിടിക്കാൻ കാണിക്കുന്ന ശുഷ്കാന്തി വൻകിട കടമെടുക്കുന്ന വ്യവസായികളുടെ കാര്യത്തിൽ കാണിക്കുന്നില്ല. വൻകിടക്കാരുടെ കടങ്ങൾ എഴുതിത്തള്ളുമ്പോൾ കർഷകർക്ക് ആ പരിഗണന കിട്ടുന്നുമില്ല. കാർഷിക ഗവേഷണ സ്ഥാപനങ്ങളുടെ കണ്ടെത്തലുകൾ പൂർണമായി കൃഷിക്കാർക്ക് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കണം. ഇക്കാര്യത്തിൽ സർക്കാരിനുള്ള പോരായ്മയും വിലയിരുത്തപ്പെടേണ്ടതാണ്. സംഭരണവും സംസ്കരണവും കാർഷിക മേഖലയിലെ പ്രധാന പ്രശ്നമാണ്. വിളവെടുപ്പ് സമയത്ത് ന്യായവില നൽകി ഉൽപന്നങ്ങൾ സംഭരിക്കാൻ കഴിയണം. സംസ്കരണത്തിനും സംവിധാനം വേണം. വിളനാശം നേരിടുമ്പോൾ കർഷകന് താങ്ങാവാൻ സർക്കാരിന് കഴിയണമെന്നും മന്ത്രി വ്യക്തമാക്കി.

ജില്ലാ പ്രിൻസിപ്പൽ അഗ്രികൾചറൽ ഓഫീസർ ടി ആർ ഉഷ, സിപിസിആർഐ ഐഎംസി അംഗം പി സുരേഷ്കുമാർ ഷെട്ടി എന്നിവർ സംസാരിച്ചു. തോട്ടവിള ഗവേഷണ കേന്ദ്രം ഡയറക്ടർ പി ചൗഡപ്പ സ്വാഗതവും പ്രിൻസിപ്പൽ സയിന്റിസ്റ്റ് ഡോ. സി തമ്പാൻ നന്ദിയും പറഞ്ഞു.

എട്ടിന് പകൽ 11ന് കാർഷിക മേള കേന്ദ്രമന്ത്രി സദാനന്ദ ഗൗഡ ഉദ്ഘാടനം ചെയ്യും. പി കരുണാകരൻ എം പി അധ്യക്ഷനാകും.